(ബി) അതിൽ ചെലവഴിച്ച സംഖ്യ എത്ര വീതം;

(സി) ചെലവാക്കാൻ സാധിക്കാത്ത സംഖ്യ എത്ര വീതം;

(ഡി) ഇതിന്റെ വകുപ്പു തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി) വിവരങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്.

(ഡി) ഈ വിവരങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിട്ടുണ്ട്.†

കേരളാ ഗവൺമെന്റിന്റെ അംഗീകാരമുള്ള സർവ്വീസ് സംഘടനകൾ:

21 [25] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഗവൺമെന്റിന്റെ അംഗീകാരമുള്ള എത്ര സർവ്വീസ് സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നു വെളിപ്പെടുത്താമോ;

(ബി) ഈ സർവ്വീസ് സംഘടനകളുടെ പ്രസിഡന്റ്, സെക്രട്ടറി ഇവരുടെ പേരുവിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) 254 സർവ്വീസ് സംഘടനകൾക്ക് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

വിദേശ സഹായം ലഭിക്കുന്ന സംഘടനകൾ

22 [26] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെങ്കിലും സംഘടനകൾക്ക് വിദേശ ധനസഹായം ലഭിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) ഇവർക്ക് 1981–82 മുതൽ 1985–86 വരെയുള്ള കാലഘട്ടത്തിൽ കിട്ടിയ ധനസഹായത്തിന്റെ കണക്കുകൾ വിശദമാക്കാമോ;

(ഡി) കുവൈറ്റുകാരുടെ "വേൾഡ് മുസ്ലീം അതോറിറ്റി കമ്മ്യൂണിറ്റി"യുടെ കേരള ശാഖ തുറന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(ഇ) ഈ സംഘടനയ്ക്ക് കിട്ടിയ വിദേശ സഹായം എത്രയാണെന്ന് ഗവൺമെന്റിന് അറിവുണ്ടോ;

---

* അനുബന്ധം IX (1)

† അനുബന്ധം IX (2)

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇപ്രകാരമുള്ള സംഘടനകൾക്ക് കിട്ടുന്ന ധന സഹായം എന്തിനാണ് ഉപയോഗിക്കുന്നതെന്ന് ഗവൺമെൻറ് പരിശോധിക്കാറുണ്ടോ;

(ജി) ഇങ്ങനെ സംഘടനകൾക്ക് കിട്ടുന്ന ധനസഹായം ദുരുപയോഗപ്പെടുത്തുന്നതായി ഗവൺമെൻറിൽ പരാതി കിട്ടിയിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇതിനെ സംബന്ധിച്ച വിശദവിവരങ്ങൾ കേന്ദ്ര സർക്കാരാണ് സൂക്ഷിക്കുന്നത്.

(ഡി) ഗവൺമെൻറിന്റെ അറിവിൽ ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) കേന്ദ്ര ഗവൺമെൻറ് പരിശോധിക്കാറുണ്ട്.

(ജി) ഇല്ല.

(എച്ച്) ഉദിക്കുന്നില്ല.

സെൻറ് തോമസ് ദിനം

23 [27] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെൻറ് തോമസ് ദിനമായ ജൂലായ് 3 പൊതു ഒഴിവ് ദിവസമായി പ്രഖ്യാപിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിലുള്ള പൊതു ഒഴിവുകളുടെ എണ്ണം കൂട്ടാതിരിക്കുക എന്നതാണ് ഗവൺമെൻറ് നയം.

കോഴിക്കോട് വിമാനത്താവളം

24 [28] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള നിർമ്മാണ പ്രവർത്തനങ്ങൾ എത്രത്തോളമായിട്ടുണ്ട്;

(ബി) ഈ വിമാനത്താവളത്തിന്റെ പ്രവർത്തനത്തിനായി സംസ്ഥാന ഗവൺമെൻറ് ഇതുവരെയായി എന്തെല്ലാമാണ് ചെയ്തിട്ടുള്ളത്; ഇതിനുവേണ്ടി എത്ര രൂപ ചെലവഴിക്കുകയുണ്ടായി;

(സി) സംസ്ഥാന ഗവൺമെൻറ് ഇനി എന്തെല്ലാമാണ് ചെയ്യേണ്ടത്; ഇതിനുവേണ്ടി എത്ര രൂപ ചെലവഴിക്കേണ്ടതുണ്ട്;

(ഡി) ഈ വിമാനത്താവളം എന്നത്തേയ്ക്ക് പ്രവർത്തനയോഗ്യമാകുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly